# കേരള സർവകലാശാല

നം.പി.ആർ.247/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ഡിഗ്രി പരീക്ഷകളുടെ (2017 അഡ്മിഷൻ – വിദൂരവിദ്യാഭ്യാസം) പ്രാക്ടിക്കൽ നവംബർ 26 മുതൽ പാളയത്തുള്ള വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ജ്യോഗ്രഫി പരീക്ഷയുടെ പ്രാക്ടിക്കൽ 2019 നവംബർ 28, 29 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ജിയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 26, 27 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

നവംബർ 26 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ (2013 സ്കീം) ബി.ടെക് സപ്ലിമെന്ററി, നവംബർ 27 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ടെക് ഡിഗ്രി സപ്ലിമെന്ററി (2008 സ്കീം) എന്നീ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2019 ഡിസംബർ 9 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ (ത്രിവത്സര എൽ.എൽ.ബി) പരീക്ഷയ്ക്ക് (2013 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് മാത്രം) പിഴകൂടാതെ ഫീസടയ്ക്കാനുള്ള തീയതി നവംബർ 27 വരെ നീട്ടിയിരിക്കുന്നു.

2020 ജനുവരി 7 ന് ആരംഭിക്കുന്ന അവസാന വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ ഡിസംബർ 12 വരെയും 150 രൂപ പിഴയോടെ ഡിസംബർ 16 വരെയും 400 രൂപ പിഴയോടെ ഡിസംബർ 17 വരെയും അപേക്ഷിക്കാം. 2003 മുതൽ 2009 വരെ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികൾ അധികഫീസ് നൽകേണ്ടതാണ്.

2020 ജനുവരിയിൽ ആരംഭിക്കുന്ന എം.സി.എ (2011 സ്കീം) അഞ്ച്, നാല്, രണ്ട് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ രജിസ്ട്രേഷൻ നവംബർ 25 ന് ആരംഭിക്കുന്നതാണ്. പിഴ കൂടാതെ ഡിസംബർ 2 വരെയും 150 രൂപ പിഴയോടെ ഡിസംബർ 4 വരെയും 400 രൂപ പിഴയോടെ ഡിസംബർ 6 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പിഎച്ച്.ഡി നൽകി

ഇന്ദു.കെ, രമേശ്.ജി, രമ്യ ബാലൻ.എം, ഇന്ദുലേഖ.ആർ, ദിവ്യ എം.എസ് (സുവോളജി), കൃഷ്ണ പ്രിയ എൻ.ജി, താര സി.എം (ഹോം സയൻസ്), സിജിൻ കെ.എസ് (സൈക്കോളജി), റീജ.ആർ (ഹിസ്റ്ററി), വി.കെ സന്തോഷ് കുമാർ (എഡ്യൂക്കേഷൻ), പ്രസീദ പി (ഇംഗ്ലീഷ്), അമ്പിളി സി.ആർ, സുജ.ജെ (കൊമേഴ്സ്), ഷാജി മാത്യു വടക്കൻ (സംസ്കൃതം), ഷിനിൽ ജയിംസ് (ഫിസിക്കൽ എഡ്യൂക്കേഷൻ), ഗായത്രി.വി, മിത്ര എം.ജി (ബയോടെക്നോളജി), ശ്രീനാഥ് എം.സി, അലക്സ് റൂഫസ് (ഫിസിക്സ്), നീതു രാജ്.ആർ (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), അപർണ ദാസ് (ഇക്കണോമിക്സ്) എന്നിവർക്ക് പിഎച്ച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## തീയതി നീട്ടി

2019 നവംബർ 1 ന് പ്രസിദ്ധീകരിച്ച ബി.എൽ.ഐ.എസ്.സി (2017 അഡ്മിഷൻ – വിദൂരവിദ്യാഭ്യാസം) സെമസ്റ്റർ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അവസാന തീയതി നവംബർ 11 ൽ നിന്നും 30 ലേക്ക് പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ് സംഘടിപ്പിക്കുന്ന 'Communication skills in English' എന്ന ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സിലേയ്ക്ക് അപേക്ഷ സ്വീകരിക്കുന്ന തീയതി നവംബർ 30 വരെ നീട്ടിയിരിക്കുന്നു. വിശദവിവരങ്ങൾക്ക് 0471 – 2386325 എന്ന നമ്പറിൽ ബന്ധപ്പെടുക.

## സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ വിഭാഗം ഒന്നാം സെമസ്റ്റർ (2019 – 20 അഡ്മിഷൻ) ബിരുദാനന്തര ബിരുദ ക്ലാസുകൾ, എം.കോം, എം.ബി.എ, എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ ഒഴികെയുള്ള വിദ്യാർത്ഥികളുടെ സമ്പർക്ക ക്ലാസുകൾ നവംബർ 23 മുതൽ ശനി, ഞായർ ദിവസങ്ങളിൽ വിവിധ കേന്ദ്രങ്ങളിൽ നടക്കുന്നതാണ്. വിശദവിവരങ്ങൾക്ക് www.ideku.net

## അഭിമുഖം

സർവകലാശാലയുടെ കീഴിലുള്ള വിവിധ യു.ഐ.ടി കളിലേക്ക് കരാറടിസ്ഥാനത്തിൽ കൊമേഴ്സ് അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിമുഖം 2019 നവംബർ 25, 27 തീയതികളിൽ രാവിലെ 10.30 മുതൽ പാളയം കാമ്പസിൽ വെച്ച് നടത്തുന്നു. അഭിമുഖത്തിന് ഹാജരാ

കുന്നവർ മെമ്മോയും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ ഒറിജിനലുകളുമായി മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

തിരുവനന്തപുരം,
22.11.2019

സെക്ഷൻ ഓഫീസർ